## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3125 — 03.04.2013 ൽ മറുപടിയ്ക്ക്.

## കൃഷിമേഖലയിൽ പ്രഖ്യാപിച്ച പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കൃഷിഭവനുകളിൽ നിന്ന് കൃഷിക്കാർക്ക് അർഹമായ സേവനങ്ങൾ യഥാസമയം ലഭ്യമാക്കാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ വീഴ്ചകൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ; | (എ) കൃഷിക്കാർക്ക് യഥാസമയം സേവനങ്ങൾ ലഭ്യമാക്കാൻ നിലവിൽ കൃഷി ഭവനുകളിൽ കൂടി സാധിക്കുന്നുണ്ട്. ചില സ്ഥലങ്ങളിൽ അവശ്യം വേണ്ട സ്റ്റാഫിന്റെ തസ്തികകൾ അനുവദിക്കാത്തത് നിമിത്തവും, അനുവദിച്ചിട്ടുള്ള തസ്തികകളിൽ ഉദ്യോഗസ്ഥരുടെ ഒഴിവുമൂലവും ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുന്നില്ല. |
| (ബി) പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിൽ ജാഗ്രത കാണിക്കാൻ തയ്യാറാകുമോ ; | (ബി) കാർഷിക മേഖലയുടെ പ്രാധാന്യം മനസ്സിലാക്കി കർഷകരുടെ ആശയാഭിലാഷങ്ങൾക്ക് അനുസൃതമായും നിതാന്ത ജാഗ്രതയോടും കൂടിയാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |
| (സി) പദ്ധതികളുടെ ഗുണഫലം ഗുണഭോക്താക്കൾക്ക് യഥാ സമയം ലഭിക്കാതിരിക്കുന്നതുമൂലം കൃഷിക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഉണ്ട്. പദ്ധതിയുടെ ഗുണഫലം കർഷകർക്ക് വളരെ വേഗം ലഭിക്കുന്നതിനായി പദ്ധതിവിഹിതം അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് 2012-13 വർഷം മുതൽ നൽകി വരുന്നു. |
| (ഡി) കൃഷിഭവനുകളെ സജീവമാക്കാനും പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാനും നടപടി സ്വീകരിക്കുമോ ? | (ഡി) കൃഷി ഭവനുകളെ സജീവമാക്കി ഒരു പുതുജീവൻ നൽകുന്നതിനായി കർഷക കൂട്ടായ്മകൾ സംസ്ഥാനമൊട്ടാകെ നടത്തി വരുന്നു. കൃഷി ഭവന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയവത്കരിക്കുകയും കാർഷിക ഉപദേശക സമിതികൾ പുന:സംഘടിപ്പിക്കുകയും അവ മുടങ്ങാതെ കൂടുന്നതിനും ഉള്ള സാഹചര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്.<br>പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനായി സർക്കാർ തലത്തിലും കൃഷി ഡയറക്ടറുടെ അദ്ധ്യക്ഷതയിലും മാസംതോറും നേരിട്ടും വീഡിയോ കോൺഫറൻസിലൂടെയും അവലോകനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ.

൮